**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4110** — **03-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപീകരിച്ചിട്ടും മുനിസിപ്പൽ സർവീസിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ; മുനിസിപ്പൽ സർവീസിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വന്നിട്ടുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, ടൗൺ പ്ലാനിംഗ്, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ എല്ലാ വിഭാഗങ്ങളിലും പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി മുകളിൽ പറഞ്ഞ എല്ലാ വിഭാഗങ്ങളിലും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും മുനിസിപ്പൽ സർവീസിലേക്കും തിരിച്ചും ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | അനുവദിക്കും. |
| (സി) | നഗരകാര്യ വകുപ്പിൽ അക്കൗണ്ട്സ് അസ്സിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതായിട്ടുണ്ടോ; ഈ നിയമനം നടത്തുന്നതിന് മുനിസിപ്പൽ ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത തസ്തികയുടെ ശമ്പളസ്കെയിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 22.12.2022-ലെ സ.ഉ(കൈ) നം.277/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 93 അർബൻ തദ്ദേശ സ്ഥാപനങ്ങളിലും അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത തസ്തികയുടെ യോഗ്യതകൾ, നിയമന രീതി, ശമ്പള സ്കെയിൽ മുതലായവ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ആയവ നിശ്ചയിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | മുനിസിപ്പൽ ജീവനക്കാരുടെ പി.എഫ്. വരവ് വയ്ക്കുന്നത് സംബന്ധിച്ചുള്ള ജീവനക്കാരുടെ ഇടയിലുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകളിൽ കൃത്യമായ പോസ്റ്റിംഗ് നടത്തുന്നുണ്ടോയെന്നും ഇത്തരം ജീവനക്കാരുടെ | (ഡി) | നഗരസഭാ ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് കണക്കുകളുടെ രേഖപ്പെടുത്തലുകൾ സ്ഥാപന സോഫ്റ്റ് വെയറിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നഗരസഭകൾക്ക് കാലാകാലങ്ങളായി നിർദ്ദേശം നൽകിവരുന്നതാണ്. അപാകതകൾ ഉള്ളത് നഗരകാര്യ ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | ഏതുമാസംവരെയുള്ള തുകയാണ് ഇനി വരവു വയ്ക്കാനുള്ളതെന്നും അത് ഏതെല്ലാം ജീവനക്കാരുടേതെന്നും വ്യക്തമാക്കാമോ; | | കീഴിലുള്ള പി.എഫ്. വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിച്ചു വരുന്നു.<br><br>ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പി.എഫ് വിഹിതം ചെക്ക്/ ഡിഡി-യായും നേരിട്ടും LSGD അർബൻ ഡയറക്ടറുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള 799010100343215 എന്ന നമ്പർ അക്കൗണ്ടിൽ ഒടുക്കിവരുന്നു. ടി തുകകളുടെ സ്റ്റേറ്റ്മെന്റുകൾ ടിയാളുകൾ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥാപന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിവരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭ്യമാകുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകളും ട്രഷറി സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ സ്ഥാപന സോഫ്റ്റ് വെയറിൽ ചേർത്തുവരുന്നുണ്ട്. 2023 ജനുവരി വരെ തുകകൾ അടച്ച receipt ഹാജരാക്കിയ ജീവനക്കാരുടെ പിഎഫ് വിഹിതം സ്ഥാപനയിൽ വരവ് വച്ചിട്ടുണ്ട്. |
| (ഇ) | മുനിസിപ്പൽ ജീവനക്കാരെ സ്പാർക്കുമായി ബന്ധിപ്പിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ഇ) | മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരെ G-SPARK മായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി ജീവനക്കാരുടെ 2023 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം G-SPARK മുഖാന്തിരം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ